**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 741** **10-02-2025 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ അസിസ്റ്റൻറ് തസ്തികയിൽ നിന്നും അസിസ്റ്റൻറ് മാനേജർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനായി മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം വേണമെന്ന മാനദണ്ഡം ഒരു വർഷമാക്കി കുറയ്ക്കുന്നതിനുള്ള ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്ക് പ്രൊമോഷൻ നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രവൃത്തി പരിചയ കാലാവധി 3 വർഷത്തിൽ നിന്നും 1 വർഷക്കാലാവധി ആയി കുറയ്ക്കുന്നതിന് റിക്രൂട്ട്മെന്റ് റൂളിലെ clause (6) ൽ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ബാങ്കിൽ അസിസ്റ്റൻറ് മാനേജർ തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; | (ബി) | അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നിലവിൽ 6 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് |
| (സി) | അസിസ്റ്റൻറ് മാനേജർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ അസിസ്റ്റന്റുമാരിൽ നിന്നും ഉദ്യോഗക്കയറ്റം വഴി നിയമനം നടത്താൻ മാറ്റിവെച്ചിരിക്കുന്ന തസ്തികകളുടെ എണ്ണം ലഭ്യമാക്കുമോ? | (സി) | അസിസ്റ്റന്റ് മാനേജർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ അസിസ്റ്റന്റുമാരിൽ നിന്നും ഉദ്യോഗ ക്കയറ്റം വഴി നിയമനം നടത്താൻ 52 ഒഴിവുകൾ ഈ തസ്തികയിലുണ്ട്. |

സെക്ഷൻ ഓഫീസർ